## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2391** 20/06/2012-ൽ മറുപടിക്ക്.

### കശുവണ്ടിത്തൊഴിലാളി ക്ഷേമ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**ശ്രീമതി ഇ. എസ്. ബിജിമോൾ**<br>**ശ്രീ. വി. ശശി**<br>**,, ജി. എസ്. ജയലാൽ** | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) കശുവണ്ടി തൊഴിലാളികൾക്ക് നൽകുന്ന പ്രതിമാസ പെൻഷൻ എത്രയാണ്; പ്രസ്തുത പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എപ്പോൾ മുതൽ നൽകിത്തുടങ്ങുമെന്ന് വ്യക്തമാക്കുമോ; | (എ) പ്രതിമാസം 400/- രൂപ.<br>ഇല്ല. |
| (ബി) കശുവണ്ടി തൊഴിലാളി പെൻഷൻ എത്ര മാസത്തെ കുടിശ്ശികയായുണ്ട്; ഈ കുടിശ്ശിക എന്ന് കൊടുത്തു തീർക്കുമെന്ന് വെളിപ്പെടുത്തുമോ; | (ബി) 2011 ഒക്ടോബർ മുതൽ 2012 ഏപ്രിൽ മാസം വരെ കുടിശ്ശികയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുക അഡീഷണൽ ആതറൈസേഷൻ വഴി ബോർഡിന് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) തൊഴിലാളികൾ പിരിഞ്ഞുപോകുന്ന മുറയ്ക്ക് ഗ്രാറ്റുവിറ്റി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ; | (സി) ഗ്രാറ്റുവിറ്റി നൽകേണ്ടത് തൊഴിലുടമയാണ്.<br>ബാധകമല്ല. |

| | |
|---|---|
| (ഡി) സ്വകാര്യ ഫാക്ടറികളിൽ തൊഴിൽ നിഷേധവും കുടിവറുപ്പ് വ്യാപകവുമായി ക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) ഉണ്ട്. തൊഴിൽ നിഷേധവും തൊഴിൽ നിയമ ലംഘനവും നിയന്ത്രിക്കുന്നതിനായി ജില്ലാ ലേബർ എൻഫോഴ്സ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത കുടിവറുപ്പ് നിയന്ത്രിക്കുന്നത് സംബ ന്ധിച്ചും അത്തരക്കാർക്കെതിരെ ശക്തമായ നടപടികൾ ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെ ക്ടർമാർ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ